Draft #2 of File 8211/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 21-Aug-2019 05:13 PM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാല

8211/AD A1/3/2019/AD A 1 21.08.2019

## ആഫീസ് ഉത്തരവ്

വിഷയം: ജീവനക്കാര്യം - കേരള പി.എസ്.സി. നടത്തുന്ന ജൂലൈ 2019 ഡിപ്പാർട്ട്മെൻറൽ പരീക്ഷകൾ - പരീക്ഷകളിൽ പങ്കെടുക്കുന്നതിന് ജീവനക്കാർക്ക് അനുവാദം നൽകുന്നത് - സംബന്ധിച്ച്

പരാമർശം: 1. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അസിസ്റ്റൻറ് തസ്തികയിൽ നിയമിതരായ ജീവനക്കാർ നൽകിയ സമർപ്പണം.

2. കേരള സർവ്വീസ് റൂൾസ് അദ്ധ്യായം 2, റൂൾ 12(7), കുറിപ്പ് 2

------

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അസിസ്റ്റൻറ് തസ്തികയിൽ നിയമിതരായ ജീവനക്കാർ പരാമർശം (1) പ്രകാരം, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഡിപ്പാർട്ട്മെൻറൽ പരീക്ഷകളിൽ (ജൂലൈ 2019) പങ്കെടുക്കുന്നതിന് അനുവാദം നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷകൾ സമർപ്പിച്ചിരുന്നു.

സർവ്വകലാശാലയിൽ അസിസ്റ്റൻറ് തസ്തികയിൽ നിയമിതരാകുന്നവർ പ്രൊബേഷൻ പൂർത്തീകരണത്തിനും, പ്രമോഷൻ ലഭിക്കുന്നതിനുള്ള അർഹത നേടുന്നതിനും, കേരള സെക്രട്ടേറിയേറ്റ് മാനുവൽ ടെസ്റ്റ്, അക്കൗണ്ട് ടെസ്റ്റ് (ലോവർ) എന്നിവ വിജയിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ജൂലൈ 2019 ഡിപ്പാർട്ട്മെൻറൽ പരീക്ഷകളിൽ [സെക്രട്ടേറിയേറ്റ് മാനുവൽ ടെസ്റ്റ്, അക്കൗണ്ട് ടെസ്റ്റ് (ലോവർ)] പങ്കെടുക്കുന്ന സർവ്വകലാശാല ജീവനക്കാർക്ക്, പ്രസ്തുത പരീക്ഷകളിൽ പങ്കെടുക്കുന്നതിനും, ഇതിന് ആവശ്യമായ യാത്രാ സമയം അനുവദിക്കുന്നതിനും, അനുമതി നൽകിക്കൊണ്ട് രജിസ്ട്രാർ (i/c) ഉത്തരവായിരിക്കുന്നു.

ഒപ്പ്
PREMKUMAR R
ASSISTANT REGISTRAR I (ADMIN)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസിലർ/പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/പരീക്ഷ/അക്കാദമികം/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. സർവ്വകലാശാല
6. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/പൂൾ ഓഫീസർ (ഭരണവിഭാഗം)
7. എഡി.സി. I/II/III/ഫിനാൻസ് II/III/ഫിനാൻസ് കമ്പ്യൂട്ടർ സെൽ
8. റിക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ